**QP CODE: S8007**

**Enrollment number : ..........................................**

**Name : ..........................................**

**MA DEGREE EXAMINATION,NOVEMBER 2023**

**First Semester**

**MA Malayalam Language and Literature**

**M21ML02DC - ആധുനിക - സമകാല കവിതാസാഹിത്യം**

**2022 ADMISSIONS**

**Time: 3 Hours** **Max Marks: 70**

## Section A

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം**

1. 'നീട്ടാനും കൂടി വയ്യാതെരിയുമൊരു വിളക്കിന്റെ നേരിട്ടിരുന്നു' - സൂചിതമെന്ത്?
2. 'വന്നു വത്സല ഭവാൻ സമക്ഷമായിന്നു ഞാൻ വ്യഥ മറന്നതോർക്കയാൽ'- ഇങ്ങനെ പറയാനുള്ള സാഹചര്യമെന്ത്?
3. 'അച്ഛനാമാദിത്യനാകാശമെത്തിനാൻ പശ്ചാദ്വിലോകനലോലനേത്രൻ' - സന്ദർഭം എന്ത് ?
4. 'അവിടവിടെ മിഴിച്ചുനോക്കിനിന്നൂ വിവിധവിചേഷ്ടിതർ പൗരരാപുമാനെ' -ആര് ആരെയാണ് നോക്കിയത്?
5. ഇടയവിലാപകാവ്യം എന്നാൽ എന്ത്?
6. ഭൂമി മനോഹരമായ ഒരു നിഴലായി പരശുരാമന് തോന്നിയതെപ്പോൾ ?
7. 'നെഞ്ചു പിളർക്കുമാറാർത്തു വിലക്കവേ നീയതിലുയിർക്കുന്നു സൂര്യ'-കവി ഇങ്ങനെ പറയാൻ കാരണമെന്ത് ?
8. 'അന്യരായി കോണിപ്പടികൾ കയറുന്നു' -ആരാണ് കോണിപ്പടികൾ കയറിയത്?

**(2x5=10)**

## Section B

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം**

9. കുരുക്ഷേത്രം എന്ന കവിതയ്ക്ക് മലയാളകവിതാസാഹിത്യത്തിലുള്ള സ്ഥാനം എന്ത്?
10. 'കൂട്ടത്തിൽ കൂടണം നന്മ ചൊല്ലാൻ ' -സന്ദർഭവും സാരസ്യവും വിശദമാക്കുക.
11. ആറ്റൂർ രവിവർമ്മയുടെ കവിതകളുടെ സവിശേഷതകൾ 'സംക്രമണം' എന്ന കവിതയെ മുൻനിർത്തി വിശദമാക്കുക.
12. ദേശവും ദേശചരിത്രവും കവിതയ്ക്ക് വിഷയമാകുന്നതിന്റെ ഉത്തമ മാതൃകയാണ് 'കൊച്ചിയിലെ വൃക്ഷങ്ങൾ' . വിശദമാക്കുക.
13. എ.അയ്യപ്പന്റെ കവിതകളുടെ സവിശേഷതകൾ എന്തെല്ലാം?
14. വിജയലക്ഷ്മിയുടെ കവിതകളുടെ പ്രധാനപ്പെട്ട സവിശേഷതകൾ എന്തെല്ലാം?
15. ഡോക്യുമെന്റുകളുടെ സ്വഭാവമുള്ള കവിതയാണ് 'സദാചാരി'- വിശദമാക്കുക.
16. പാരിസ്ഥിതിക പ്രശ്നങ്ങൾ ശക്തമായി ആവിഷ്കരിക്കുന്നവയാണ് പി.പി.രാമചന്ദ്രന്റെ കവിതകൾ- വിശദമാക്കുക.

17. പാരഡി കവിതയുടെ സവിശേഷതകൾ 'ദൈവപ്പാതി' എന്ന കവിതയെ മുൻനിർത്തി ചർച്ചചെയ്യുക.

18. ഗ്രാമീണ ജീവിതവും ഭാഷയും 'വെഷക്കായ' എന്ന കവിതയിൽ ആവിഷ്ക്കരിക്കുന്നത് എങ്ങനെ?

**(5x6=30)**

## Section C

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക. പതിനഞ്ച് മാർക്ക് വീതം**

19. "പുരാണകഥയെ അതിന്റെ ദൈവിക ഭാവങ്ങളിൽ നിന്നും മോചിപ്പിച്ച് മാനുഷികമായ അന്തരീക്ഷത്തിൽ പുനരാവിഷ്കരിക്കാൻ ഉള്ളൂരിനും വള്ളത്തോളിനും സാധിച്ചിട്ടുണ്ട്". പാഠഭാഗങ്ങളെ മുൻനിർത്തി ഈ പ്രസ്താവനയെ വിലയിരുത്തുക.

20. മലയാളത്തിലെ കാല്പനിക കാവ്യപ്രസ്ഥാനത്തെക്കുറിച്ച് ഉപന്യസിക്കുക.

21. ആധുനികകവിതയുടെ പ്രോത്ഘാടകൻ എന്ന നിലയിൽ അയ്യപ്പപ്പണിക്കരുടെ കവിതകളെ വിലയിരുത്താൻ സാധിക്കുമോ? 'കുരുക്ഷേത്രം' എന്ന കവിതയെ മുൻനിർത്തി ഉപന്യസിക്കുക.

22. 'പാർശ്വവത്കൃതരെയും അടിച്ചമർത്തപ്പെട്ടവരെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന പ്രതിരോധ സമീപനമാണ് ഉത്തരാധുനിക കവിതകൾക്കുള്ളത്" - ഈ പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തുക.

**(15x2=30)**